അതല്ലെങ്കിൽ ടെർമിനൽ പരീക്ഷകൾക്ക് ശരാശരി 35% മാർക്കും ഓരോ വിഷയത്തിനും 20%-ൽ കുറയാതെയും മാർക്ക് ഉണ്ടെങ്കിൽ പ്രമോഷന് അർഹരാകും. ഈ രണ്ടു രീതികളിലും ജയിക്കാത്തവർക്ക് വാർഷിക പരീക്ഷാ ചോദ്യങ്ങളോടൊപ്പം ചേർക്കാനുദ്ദേശിക്കുന്ന മിനിമം എസൻഷ്യൽ പാർട്ടിന് 100% മാർക്കു ലഭിക്കുന്ന കുട്ടികളാണെങ്കിൽ പ്രമോട്ടു ചെയ്യണം എന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്.

വിദ്യാർത്ഥികളുടെ സംഖ്യാബലം കുറവായതിനാൽ
നിറുത്തലാക്കിയ സ്കൂളുകൾ

1160 [1591] ശ്രീ. കെ. പി. പ്രഭാകരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ഇ. ഇസ്മയിൽ :
,, എം. കെ. കേശവൻ :
ഡോ. എ. സുബ്ബ റാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വിദ്യാഭ്യാസ വർഷത്തിൽ എത്ര ഗവൺമെൻറ് വക വിദ്യാലയങ്ങളും ക്ലാസുകളും വിദ്യാർത്ഥികളുടെ സംഖ്യാബലം കുറവാകുന്നതിന്റെ പേരിൽ നിറുത്തലാക്കേണ്ടിവന്നു ;

(ബി) അത്തരം വിദ്യാലയങ്ങളുടെ ജില്ല തിരിച്ച ലിസ്റ്റ് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി) വിദ്യാർത്ഥികളുടെ സംഖ്യാബലം കുറഞ്ഞ വിദ്യാലയങ്ങളുടെ അംഗീകാരം പിൻവലിക്കുവാൻ വിദ്യാഭ്യാസ ആഫീസർമാർ നടപടികൾ സ്വീകരിച്ചുവെങ്കിലും, ജനപ്രതിനിധികൾ, മാനേജർമാർ, അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ തുടങ്ങിയവർ വിദ്യാഭ്യാസ ഡയറക്ടർക്കും ഗവൺമെൻറിനും നൽകിയ നിവേദനങ്ങൾ പരിഗണിച്ചു പ്രസ്തുത സ്കൂളുകളെല്ലാം ഈ അദ്ധ്യായന വർഷം തുടർന്നു പ്രവർത്തിക്കാൻ വിദ്യാഭ്യാസ ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്;

ഈ വർഷം ഹയർ സെക്കണ്ടറി ക്ലാസുകൾ ആരംഭിക്കാൻ
അനുവാദം നൽകിയ സ്കൂളുകൾ

1161 [1592] ശ്രീ. ജി. കാർത്തികേയൻ :
,, പന്തളം സുധാകരൻ :
,, തച്ചടി പ്രഭാകരൻ :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. രാഘവൻ മാസ്റ്റർ :
,, ബന്നി ബഹനാൻ :
,, രമേശ് ചെന്നിത്തല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്കൂൾ വർഷം സംസ്ഥാനത്ത് എത്ര സ്കൂളുകൾക്ക് ഹയർ സെക്കണ്ടറി ക്ലാസുകൾ ആരംഭിക്കാൻ അനുവാദം കൊടുത്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly